# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3678 — 17.10.2011-ലെ മറുപടിക്ക്

## തലശ്ശേരി കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(എ) തലശ്ശേരി കുടിവെള്ള പദ്ധതിയുടെ നവീകരണ പ്രവൃത്തി (സാർക്ക്) നാല് പാക്കേജുകളായി നടപ്പിലാക്കുന്നു.

പാക്കേജ് - I

കിണർ, പമ്പ് ഹൗസ് എന്നിവയുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ വളരെ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ റദ്ദ് ചെയ്യുകയും പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പാക്കേജ്-II

ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് കാലതാമസം ഒഴിവാക്കുന്നതിനായി പാക്കേജ് - I, II എന്നിവ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ്-III

റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചു. പണികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഇതിനാവശ്യമായ 700 മി.മീ വ്യാസമുള്ള ഡി.ഐ പൈപ്പുകളുടെ ടെസ്റ്റിംഗ് ചെന്നൈയിലുള്ള ഫാക്ടറിയിൽ നടന്നുവരുന്നു.

പാക്കേജ്-IV

വിയറിന്റെയും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പ്രൊട്ടക്ഷൻ വർക്കുകൾ പ്രൊട്ടക്ഷൻ വർക്കുകൾ പുരോഗമിച്ചുവരുന്നു. വിയർ ഷട്ട

റിന്റെ അറ്റകുറ്റപണികൾക്കുള്ള പ്രവൃത്തി റീ-റെണ്ടർ ചെയ്തിട്ടുണ്ട്.

കൂടാതെ തലശ്ശേരി നഗരസഭയ്ക്ക് വേണ്ടിയുള്ള യു.ഐ.ഡി.എസ്.എസ്.എം.ടി (യുഡിസ്മാറ്റ്)-യിൽ ഉൾപ്പെടുത്തിയ കുടിവെള്ള പദ്ധതിക്ക് 4 പാക്കേജുകളാണ് ഉള്ളത്.

<u>പാക്കേജ്-I</u>

ഗ്രാവിറ്റിമെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

<u>പാക്കേജ്-II</u>

വിതരണശൃംഖലയുടെ ശാക്തീകരണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

<u>പാക്കേജ്-III</u>

വിതരണ ശൃംഖലയുടെ ശാക്തീകരണം, ഓവർഹെഡ് ടാങ്കിന്റെ നിർമ്മാണം എന്നിവയുടെ വിശദമായ എസ്റ്റിമേറ്റും എൻ.ഐ.റ്റി-യും തയ്യാറാക്കി വരുന്നു.

<u>പാക്കേജ്-IV</u>

റോ വാട്ടർ പമ്പ് ഹൗസ്, ജലശുദ്ധീകരണ ശാല എന്നിവയിലെ മെക്കാനിക്കൽ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ മെയിന്റനെൻസ് പ്രവൃത്തി.

മേൽ പറഞ്ഞ മൂന്ന് പാക്കേജുകളും പൂർത്തിയായശേഷം ഈ പാക്കേജിന്റെ പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) | ഈ പദ്ധതികൾ 2013 മാർച്ച്-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ